<u>ക്രമപ്രശ്നം</u>

<u>കോഴിക്കോട് സർവ്വകലാശാല വി.സി. ഇരട്ട ശമ്പളംപറ്റുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. ആർ. രാജേഷ്</u>: സർ, കാലിക്കറ്റ് സർവ്വകലാശാലയുടെ വി.സി. നിയമനിർമ്മാണസഭയെ അപമാനിക്കുന്ന തരത്തിലുള്ള ഒരു നോട്ട് പുറത്തിറക്കിയതാണ് ക്രമപ്രശ്നമായി ഉന്നയിക്കാൻ തീരുമാനിക്കുന്നത്. കാലിക്കറ്റ് സർവ്വകലാശാലയുടെ വി.സി. ഇരട്ട ശമ്പളം വാങ്ങുന്നതുമായി ബന്ധപ്പെട്ട വാർത്തകൾ മാധ്യമങ്ങളിലടക്കം വന്നതാണ്. ആ വിഷയം നിയമസഭയിലേയ്ക്കും വന്നതാണ്. പ്രസ്തുത വിഷയം സർവ്വകലാശാലയിൽ ഉയർന്നുവന്നതിന്റെ ഭാഗമായി വലിയ പ്രക്ഷോഭ സമരങ്ങൾ സർവ്വകലാശാലയ്ക്കകത്തും പുറത്തും വി.സി.-ക്കെതിരെ ഉയർന്നു വന്നിട്ടുണ്ട്. വിചിത്രമായ തീരുമാനങ്ങളാണ് സർവ്വകലാശാലയിൽ നിലവിൽ വി.സി. സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വി.സി.-യുടെ ചേമ്പറിനകത്ത് സ്ത്രീകൾ പ്രവേശിക്കുവാൻ പാടില്ലെന്ന പ്രത്യേക നിയമം ഇപ്പോൾ വി.സി. പറഞ്ഞിരിക്കുകയാണ്. ആദ്യമായിട്ടാണ് ഒരു ഉന്നതസ്ഥാനീയൻ സ്ത്രീകൾ തന്റെ ചേമ്പറിനകത്ത് പ്രവേശിക്കാൻ പാടില്ലെന്ന വിചിത്രമായ തീരുമാനം കൈക്കൊള്ളുന്നത്. ഈ വിഷയം ഉയർന്നുവന്നപ്പോൾ സർവ്വകലാശാലയിലെ ജീവനക്കാരടക്കമുള്ള ആളുകളോട് സർവ്വകലാശാല വി.സി. ഇരട്ട ശമ്പളം വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് മാധ്യമങ്ങൾ ചോദിച്ചു. അവിടത്തെ സമര സമിതിയുടെ കൺവീനർ ശ്രീ. ഒമറിനോട് സർവ്വകലാശാല വി.സി. ഇരട്ട ശമ്പളം വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വാങ്ങുന്നത് തെറ്റാണോയെന്ന് മാധ്യമങ്ങൾ ചോദിച്ചു. അങ്ങനെ വാങ്ങുന്നുണ്ടെങ്കിൽ അത്

തെറ്റാണെന്ന് ശ്രീ. ഒമർ സൂചിപ്പിക്കുകയും അതിന്റെ ഭാഗമായി സംയുക്ത സമരസമിതിയുടെ ചെയർമാനായ ശ്രീ. ഒമറിനെതിരെ അന്വേഷണത്തിന് വി. സി. ഉത്തരവിടുകയും ചെയ്തു. അന്വേഷണ കമ്മീഷൻ സിൻഡിക്കേറ്റ് അംഗമായ അഡ്വക്കേറ്റ് പി.വി.എം. നിയാസാണ്. കമ്മീഷൻ അന്വേഷിച്ച് ശ്രീ. ഒമർ കുറ്റക്കാരനല്ലെന്ന് റിപ്പോർട്ട് സമർപ്പിച്ചു. ശ്രീ. ഒമറിനെതിരെ നടപടി ആവശ്യമില്ലെന്ന റിപ്പോർട്ട് കൊടുത്തു. ഞാൻ ഉന്നയിക്കുന്ന പ്രധാന പ്രശ്നം അതല്ല. കാലിക്കറ്റ് സർവ്വകലാശാല വി.സി. ഇരട്ട ശമ്പളം വാങ്ങുന്നു എന്ന വിഷയം കേരളത്തിലെ നിയമസഭയിൽ അവതരിപ്പിക്കാൻ കേരളത്തിലെ നിയമസഭാംഗങ്ങൾക്ക് അവകാശമില്ലേ? കേരളത്തിലെ ഒരു പൊതുവിഷയം അവതരിപ്പിക്കാൻ ഞങ്ങൾ അനുമതി തേടുക ബഹുമാനപ്പെട്ട സ്പീക്കറോടാണ്. ബഹുമാനപ്പെട്ട അങ്ങ് അനുവാദം നൽകിയിട്ടാണ് ഞങ്ങൾ നിയമസഭയിൽ വിഷയം ഉന്നയിച്ചത്. സമര സമിതിയുടെ കൺവീനറായ ശ്രീ. ഒമറിനെതിരെ നടപടി ആവശ്യമില്ലെന്ന് അന്വേഷണ കമ്മീഷൻ പറഞ്ഞതിന് ശേഷം ബന്ധപ്പെട്ട വിഷയം ദൃശ്യപത്ര മാധ്യമങ്ങളിലൂടെ പുറത്തുവന്നതിന് ശേഷം നിയമസഭാംഗങ്ങൾ അങ്ങയുടെ അനുമതിയോടു കൂടി വിഷയം നിയമസഭയിൽ ഉന്നയിച്ചപ്പോൾ വി. സി. ചെയ്തത് ഈ നിയമ നിർമ്മാണസഭയെ അധിക്ഷേപിക്കുന്ന തരത്തിൽ ഒരു നോട്ട് പുറത്തിറക്കി. അദ്ദേഹം പറയുന്നത്, 'Because of the media hype he has created with false allegations against the Vice Chancellor, there was a furor in the Legislative Assembly during the last week and the Honourable Pro-Chancellor has ordered for an enquiry against the Vice Chancellor through the Secretary, Higher Education.' എന്നാണ്. ഈ നിയമനിർമ്മാണസഭയിൽ അങ്ങയുടെ അനുമതിയോടുകൂടി

വിഷയം വരികയും അപ്പോൾ നിയമനിർമ്മാണ സഭ ബഹളമാണെന്നും അന്യായമായ കാര്യങ്ങളാണ് നിയമസഭയിൽ വരുന്നതെന്ന് പറയുകയും ചെയ്യുന്ന വി.സി. ഈ നിയമനിർമ്മാണ സഭയെ അക്ഷരാർത്ഥത്തിൽ അപമാനിക്കുകയാണ്. നിയമനിർമ്മാണ സഭ ഈ വിഷയം ഗൗരവമായി പരിഗണിച്ചു. പ്രൊ-ചാൻസലർ പ്രസ്തുത വിഷയം അന്വേഷിക്കാൻ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. അദ്ദേഹം ഈ വിഷയം അന്വേഷിച്ച് റിപ്പോർട്ട് സർക്കാരിന് കൊടുക്കുകയാണ്. വളരെ പ്രധാനപ്പെട്ട വിഷയം അങ്ങയുടെ അനുവാദത്തോടുകൂടി നിയമസഭയിൽ കൊണ്ടു വരുമ്പോൾ പാവനമായ നിയമസഭയെ അധിക്ഷേപിക്കുന്ന തരത്തിൽ സർവ്വകാലാശാല വൈസ് ചാൻസലർ നോട്ട് പുറത്തിറക്കിയത് ക്രമമായിട്ടാണോ? അതിനെ സംബന്ധിച്ച് അങ്ങയുടെ റൂളിംഗ് ഉണ്ടാകണം. സർക്കാരിന്റെ അഭിപ്രായംകൂടി സഭയെ അറിയിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ആർ. രാജേഷ് ഉന്നയിച്ച പ്രശ്നം ക്രമപ്രശ്നമാണെന്ന് എനിക്ക് തോന്നുന്നില്ല. ഇവിടെ ചോദ്യോത്തരസമയത്തും ബില്ലിന്റെ ചർച്ചാ സമയത്തും രണ്ട് തവണയായി കോഴിക്കോട് സർവ്വകലാശാലയുമായും വൈസ് ചാൻസലറുമായും ബന്ധപ്പെട്ട പ്രശ്നങ്ങളും ഇരട്ട ശമ്പളത്തിന്റെ കാര്യവും വന്നു. അതിന് വ്യക്തമായ മറുപടി പറയുകയും ചെയ്തു. കോഴിക്കോട് സർവ്വകലാശാലയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ വന്നപ്പോൾ ഉപചോദ്യങ്ങളുടെ ഭാഗമായി ഞാൻ പറഞ്ഞു അവിടത്തെ പ്രതിപക്ഷ-ഭരണ യൂണിയനുകൾ സംയുക്തമായി ഗവൺമെന്റിന് ഒരു പരാതി തന്നിട്ടുണ്ട്. ആ പരാതി അന്വേഷിക്കുന്നതിന്

വേണ്ടി ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നാണ് പറഞ്ഞത്. സ്വാഭാവികമായി നിമയസഭയിൽ ചോദ്യോത്തരം നടക്കുമ്പോൾ ഒച്ചയും ബഹളവും ഉണ്ടാകും. അത് മാത്രമേ ഇവിടെയും നടന്നിട്ടുള്ളൂ. പക്ഷെ ഇവിടത്തെ പ്രശ്നം യൂണിവേഴ്സിറ്റി രജിസ്ട്രാർക്ക് യൂണിവേഴ്സിറ്റി വൈസ് ചാൻസലറെഴുതിയ ഒരു നോട്ടിന്റെ ഭാഗമാണ് ശ്രീ. ആർ. രാജേഷ് ഇവിടെ വായിച്ചത്. അത് നിയമസഭയുമായി ബന്ധമുള്ള കാര്യമല്ല. അതിൽ പറഞ്ഞിരിക്കുന്നത് 'Because of the media hype he has created in the electronic and print media for a few days with false allegations against the Vice Chancellor, there was a furor in the Legislative Assembly during the last week and the Honourable Pro-Chancellor has ordered for an enquiry against the Vice Chancellor through the Secretary, Higher Education' എന്നാണ്. ഇവിടത്തെ furor-ന്റെ അടിസ്ഥാനത്തിൽ അന്വേഷിക്കാൻ വന്ന ഓർഡറല്ല. നേരത്തെ തന്നെ കിട്ടിയിട്ടുള്ള പരാതികൾ അന്വേഷിക്കുന്നതിന് ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി എന്നുള്ളത് അന്നത്തെ ചർച്ചയ്ക്കിടെ ഞാൻ ഇവിടെ വ്യക്തമാക്കിയെന്നേയുള്ളൂ. വൈസ് ചാൻസലർ രജിസ്ട്രാർക്ക് കൊടുത്ത കത്തിന്റെ പേരിൽ ഇവിടെ ക്രമപ്രശ്നം ഉന്നയിക്കുന്നത് ഓർഡറിലല്ല എന്നാണ് എന്റെ അഭിപ്രായം.

<u>റൂളിംഗ്</u>

<u>മി. സ്പീക്കർ</u>: ശ്രീ. ആർ. രാജേഷിന്റെ വാദവും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വാദവും കേട്ടതാണ്. കോഴിക്കോട് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഇരട്ട ശമ്പളം പറ്റുന്നുവെന്ന വിഷയം സഭയിൽ ഉന്നയിച്ചതിന് കാരണക്കാരൻ യൂണിവേഴ്സിറ്റിയിലെ എംപ്ലോയീസ്

യൂണിയൻ നേതാവാണെന്ന് ആരോപിച്ചുകൊണ്ട് അദ്ദേഹത്തിനെതിരെ അച്ചടക്കനടപടി എടുക്കുവാൻ ഫയലിൽ വി.സി. നിർദ്ദേശം നൽകിയത് നിയമസഭാംഗമെന്ന നിലയിലുള്ള തന്റെ അവകാശത്തെ ഹനിക്കുന്നതും സഭയോടുള്ള അവഹേളനവുമാണെന്നാണ് ശ്രീ. ആർ. രാജേഷ് ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. കോഴിക്കോട് യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ നേതാവിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചത്, പ്രശ്നം സഭയിൽ ഉന്നയിച്ചതുകൊണ്ടല്ലായെന്ന് ശ്രീ. ആർ. രാജേഷിന്റെ പരാതിയോടൊപ്പം നൽകിയിട്ടുള്ള യൂണിവേഴ്സിറ്റിയുടെ നോട്ട് ഫയലിൽ നിന്നുതന്നെ വ്യക്തമാണ്. എന്നാൽ യൂണിയൻ നേതാവ് മാധ്യമങ്ങൾവഴി വൈസ് ചാൻസലർക്കെതിരെ ഉന്നയിച്ച തെറ്റായ ആരോപണങ്ങൾ നിയമസഭയിൽ ബഹളത്തിന് കാരണമാവുകയും വൈസ് ചാൻസലർക്കെതിരെ പ്രൊ-ചാൻസലർ അന്വേഷണത്തിന് നിർദ്ദേശം നൽകിയെന്ന കാര്യം വി.സി. ഫയലിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. വിഷയം സഭയിൽ ഉന്നയിച്ച അംഗത്തിന്റെ പേരോ സഭയിലെ അദ്ദേഹത്തിന്റെ സംസാര സ്വാതന്ത്ര്യത്തെ തടയുന്നതിനുള്ള ശ്രമമോ അംഗത്തെ അവഹേളിക്കുന്ന എന്തെങ്കിലും പരാമർശമോ വി.സി.-യുടെ കുറിപ്പിലില്ല. നിയമസഭ പാസ്സാക്കുന്ന നിയമങ്ങളിലൂടെയാണ് യൂണിവേഴ്സിറ്റികൾ രൂപം കൊള്ളുന്നതെങ്കിലും അത് ഏറെക്കുറെ സ്വയംഭരണ സ്ഥാപനങ്ങളാണ്. ഒരു ജീവനക്കാരനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുള്ള ഫയലിൽ നിയമസഭയിൽ ഈ വിഷയം ബഹളത്തിന് കാരണമായി എന്ന് രേഖപ്പെടുത്തിയത് വിഷയം സഭയിൽ ഉന്നയിച്ച അംഗത്തിന്റെ പ്രത്യേക അവകാശങ്ങളുടെ ലംഘനമോ സഭയോടുള്ള അവഹേളനമോ ആയി ചെയർ കാണുന്നില്ല. അംഗത്തിന്റെ സഭയിലെ പ്രവർത്തനത്തെ തടയുന്നതിനുള്ള ശ്രമമായി ജീവനക്കാരനെതിരെ

സ്വീകരിക്കുന്ന അച്ചടക്ക നടപടിയെ കാണുവാനും കഴിയുകയില്ല. മേൽപ്പറഞ്ഞതിന്റെ അടിസ്ഥാനത്തിലും മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും ശ്രീ. ആർ. രാജേഷിന്റെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല, അത് തള്ളുന്നു. ശ്രീ. ആർ. രാജേഷ് തന്റെ പരാതിയോടൊപ്പം നൽകിയിട്ടുള്ള രേഖ വിവരാവകാശ നിയമപ്രകാരം ലഭിച്ച ഒന്നല്ല. യൂണിയൻ പ്രവർത്തനത്തിന്റെ ഭാഗമായി, ജീവനക്കാർ ഓഫീസ് രേഖകൾ കമ്പ്യൂട്ടറിൽ നിന്നുമെടുത്ത് പുറത്ത് നൽകുന്ന നടപടി ആശാസ്യമല്ല എന്നകാര്യം കൂടി ചെയർ വ്യക്തമാക്കുന്നു. അത് ക്വാട്ട് ചെയ്തുകൊണ്ട് സഭയിൽ കാര്യങ്ങൾ സംസാരിക്കുന്നതും ശരിയല്ല.

ശ്രീ. സി. ദിവാകരൻ: സർ, ഏത് വിവരമാണെങ്കിലും വസ്തുതാപരമാണെങ്കിൽ നിയമസഭാ സാമാജികന് ആ വസ്തുത സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാം.

മി. സ്പീക്കർ: സഭയിൽ കൊണ്ടുവരാം. അതിനെ ചോദ്യം ചെയ്തില്ല. എന്നാൽ ആ കാര്യങ്ങൾ നിലനിൽക്കുന്നതല്ലെന്നേ പറഞ്ഞുള്ളൂ. ഓഫീസ് രേഖകൾ ഇത്തരത്തിൽ പുറത്ത് നൽകുന്ന നടപടി ആശാസ്യമല്ല എന്നാണ് പറഞ്ഞത്.